**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2671** **13-10-2021 - ൽ മറുപടിയ്ക്ക്**

**എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവരുടെ വീടുകൾ പുന:നിർമ്മിക്കുന്നതിനുള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവരുടെ വാസയോഗ്യമല്ലാത്തതും കേടുപാടുകൾ സംഭവിച്ചതുമായ വീടുകൾ പുന:നിർമ്മിക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കുമോ; വിശദാംശങ്ങൾ നൽകുമോ? | (എ) | പട്ടികജാതി വികസന വകുപ്പ് പട്ടികജാതി വികസന വകുപ്പ് മുഖേന ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിച്ചവർക്ക് വീടിന്റെ അറ്റകുറ്റ പണിക്കായി 2016-17 സാമ്പത്തികവർഷം വരെ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. അതിനു ശേഷം ടി പദ്ധതി നടപ്പിലാക്കിയിട്ടില്ല. സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ നിന്ന് കഴിഞ്ഞ 10 വർഷത്തിനുള്ളിൽ പട്ടികജാതി വിഭാഗക്കാർക്ക് അനുവദിച്ച് നൽകിയ ഭവനനിർമ്മാണ ധനസഹായ തുക പൂർണ്ണമായും കൈപ്പറ്റി കഴിഞ്ഞിട്ടും നിർമ്മാണം പൂർത്തീകരിക്കാത്തവരും നിർദ്ദിഷ്ട രീതിയിലുള്ള മേൽക്കൂര നിർമ്മിക്കാത്തതു മൂലം അവസാനഗഡു ലഭിക്കാത്തവരും സ്വന്തമായി വീട് നിർമ്മാണം ആരംഭിച്ച് നിർമ്മാണം പൂർത്തീകരിക്കാ ത്തവരുമായ പട്ടികജാതി കുടുംബങ്ങൾക്ക് പരമാവധി ഒന്നര ലക്ഷം രൂപ വരെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് പ്രത്യേകം ധനസഹായം അനുവദിക്കുന്നുണ്ട്. ആയത് പ്രകാരം 2020-21 സാമ്പത്തിക വർഷം 9564 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം 5000 പേർക്ക് ഭവനപൂർത്തീകരണ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് ലൈഫ് മിഷൻ മുഖേനയാണ് നിലവിൽ പട്ടികവർഗ്ഗ വിഭാഗക്കാർക്കും വീട് അനുവദിച്ചു വരുന്നത്. ലൈഫ് മിഷന്റെ അർഹതാ ലിസ്റ്റിൽ ഉൾപ്പെടാത്തതും എന്നാൽ ശോച്യമായ വീടുകളിൽ താമസിക്കുന്നതുമായ 16070 പട്ടികവർഗ്ഗക്കാരെ വകുപ്പ് സർവ്വെ നടത്തി കണ്ടെത്തുകയും, ടി ലിസ്റ്റ് തുടർ നടപടികൾക്കായി ലൈഫ് മിഷന് കൈമാറുകയും, ആയതിൽ ലൈഫ് മിഷൻ അർഹരെന്ന് കണ്ടെത്തിയ 12931 പേരിൽ 10916 പേരുടെ അർഹത ലൈഫ് മിഷൻ |

| | | | |
|---|---|---|---|
| | | | അംഗീകരിച്ചിട്ടുണ്ട്. ആയതിൽ 5177 പേർ ഭവനനിർമ്മാണത്തിനായി കരാർ വെച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ